₹ 5/-

# റിയൽ ലൈഫ് വോയ്സ്

R E A L L I F E V O I C E

Monthly

Volume 8
Issue 8

February 2020

pages 24

"എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിനു അവനിൽ പ്രസാദമില്ല. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേയാകുന്നു"

**(എബ്രായർ 10:38,39)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 8   Issue 8   February 2020   pages 24   Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ് ചെക്ക് ആയി അയയ്ക്കാം. ദയവായി മണിഓർഡർ (MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 98**


## ഉള്ളടക്കം

പേജ്


- **മരടിലെ ഫ്ളാറ്റുകൾ** 3
- **പ്രതികരണങ്ങൾ** 6
- **മഹാഭാഗ്യം** (18) 7
- **പുതിയനിയമത്തിലൂടെ യാത്ര** (3) 10
- **പരിശുദ്ധാത്മാവ്** (21) 13
- **യോവേൽ** (11) 15
- **ചിന്തകൾ പന്തങ്ങളാകുമ്പോൾ** (26) 17
- **സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ** (54) 21
- **ചൈനയിലെ ആശുപത്രി** 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**



## എഡിറ്റോറിയൽ

# മരടിലെ ഫ്ളാറ്റുകൾ!

കോടിക്കണക്കിനു രൂപയുടെ നിർമ്മിതികൾ തകർന്നടിഞ്ഞു വീഴുമ്പോൾ പലരും കയ്യടിക്കുകയും ആഹ്ലാദം പങ്കുവയ്ക്കുകയും ചെയ്തു. എന്നാൽ കണ്ണീരോടെ അതു നോക്കിനിന്നവരും അതു കാണാൻ ശക്തിയില്ലാതെ മുഖം തിരിച്ചുനിന്നവരും കൂടി ഉണ്ട് എന്നു നാം അറിയുക. മരടിലെ ഫ്ളാറ്റുകൾ അപകടങ്ങൾ കൂടാതെ പൊളിച്ചു നീക്കിയതിൽ പൊളിക്കാൻ വന്ന കമ്പനിക്കാർക്ക് അഭിമാനം; സുപ്രീംകോടതിവിധി നടപ്പാക്കിയതിൽ സർക്കാരിന് ആശ്വാസം. പക്ഷേ ആ ഫ്ളാറ്റുകൾ നിലംപൊത്തിയപ്പോൾ അതോടൊപ്പം ചിലരുടെ സ്വപ്നങ്ങളും സമ്പത്തും തകർന്നടിഞ്ഞു എന്ന വസ്തുത നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതുണ്ട്.

വാസ്തവത്തിൽ മരടിൽ എന്താണ് സംഭവിച്ചത്? കൊച്ചിയിൽനിന്നും 7 കി.മീ. അകലെയുള്ള സ്ഥലമാണ് മരട്. അവിടെ തീരദേശപരിപാലനചട്ടം ലംഘിച്ച് 4 കെട്ടിടസമുച്ചയങ്ങൾ ഉയർന്നു എന്നാണ് ആരോപണം. അത് നാലും പൊളിച്ചുമാറ്റണമെന്ന് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചു. കെട്ടിടഉടമകളുടെയും താമസക്കാരുടെയും ശക്തമായ എതിർപ്പിനെ കോടതി കണ്ട ഭാവം പോലും നടിച്ചില്ല. സംസ്ഥാന സർക്കാരിനെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു.

ഒടുവിൽ ആ കെട്ടിടസമുച്ചയങ്ങൾ ബോംബു വച്ച് തകർത്ത് തരിപ്പണമാക്കി. ഏകദേശം 350 കുടുംബങ്ങൾ... അവരുടെ സ്വപ്നങ്ങളുടെ ഹരിതാഭയിലേക്കാണ് സുപ്രീംകോടതിവിധി ഒരു തീക്കാറ്റായി ആഞ്ഞുവീശിയത്. ഏകദേശം 50 മീറ്റർ (164 അടി) ഉയരമുള്ള നാലു കെട്ടിടസുന്ദരികൾ നിയമത്തിന്റെ നൂലാമാലകളുടെ പ്രഹരം ഏറ്റുവാങ്ങി, പൊടിപടലത്തിന്റെ കൊടുങ്കാറ്റുയർത്തി നിലംപൊത്തി.

കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പെർമിറ്റ് കൊടുത്ത പഞ്ചായത്ത് അധികൃതരോടും ലോൺ പാസ്സാക്കിയ ബാങ്ക് അധികൃതരോടും ഒരു ചോദ്യം

ചോദിക്കാനുണ്ട്. ഇവിടെ ഒരു സാധാരണക്കാരനായ വ്യക്തിക്ക് ഒരു വീട് പണിയുന്നതിന് നിങ്ങളുടെ അനുവാദം കിട്ടണമെങ്കിൽ എത്ര തവണ നിങ്ങളുടെ ഓഫീസ് കേറി നിരങ്ങണം? അങ്ങനെയുള്ള നിങ്ങൾ അനധികൃതമായി കെട്ടിടങ്ങൾ പണിയാൻ അനുവാദം കൊടുത്തത് എന്നെ അത്ഭുതപ്പെടുത്തുന്നു. എന്താണ് ആ മാജിക്? എത്ര കിട്ടി ഓരോരുത്തർക്കും എന്നു ചോദിച്ച് ഞാൻ നിങ്ങളെ അപമാനിക്കുന്നില്ല.

ബാങ്കിന്റെ അധികാരികളോടും എനിക്ക് ചോദിക്കാനുണ്ട്. ഒരു വീടിന് ലോൺ പാസ്സാക്കുന്നതിന് പത്തോ പതിനഞ്ചോ ലക്ഷം രൂപ ഒന്നു പാസ്സാക്കി കിട്ടുന്നതിന് എത്ര തവണ നിങ്ങൾ ഞങ്ങളെ നടത്തിക്കാറുണ്ട്? ആധാരം, അടിയാധാരം, പട്ടയം, കരം അടച്ച രസീത്, ആധാർ കാർഡ്, കുടിക്കടം, വാഴക്കുല.... എന്തൊക്കെ വേണം നിങ്ങൾക്ക്? എന്നിട്ട് ഞങ്ങൾ സമർപ്പിച്ച രേഖകളിൽ നിങ്ങളുടെ വക്കീൽ എത്ര തവണ കുറ്റം കണ്ടുപിടിക്കും? എത്ര തവണ നിങ്ങളുടെ സ്പോട്ട് ഇൻസ്പെക്ഷൻ? പക്ഷേ അനധികൃതമായ ഈ നിർമ്മാണങ്ങൾക്ക് ലക്ഷക്കണക്കിനു രൂപയുടെ ലോൺ അനുവദിക്കുമ്പോൾ, സാധാരണക്കാരന്റെ മേൽ കുതിര കയറുന്ന നിങ്ങളുടെ കഴുകൻ കണ്ണുകൾ ആരാണ് കെട്ടിയിട്ടത്?

ആ കെട്ടിടങ്ങൾ പണിയാൻ വന്ന കോടികളുടെ ചെലവ്, അത് പൊളിക്കാൻ വേണ്ടി വന്ന ചെലവ്... വ്യക്തികൾക്കും സർക്കാർഖജനാവിനും വൻനഷ്ടം വരുത്തിയ സംഭവമായിരുന്നു അത്. കെട്ടിടഉടമകളിൽനിന്നും ഒരു വൻതുക നഷ്ടപരിഹാരമായി വാങ്ങിയ ശേഷം ആ കെട്ടിടങ്ങൾ അവിടെത്തന്നെ നിലനിർത്തുക എന്ന ഒരു ആശയത്തെപ്പറ്റി അധികമാരും ചിന്തിച്ചില്ലെന്നു തോന്നുന്നു. സർക്കാർഖജനാവിലേക്ക് പണം ശേഖരിക്കുന്നതിനും നാടിന്റെ വികസനത്തിന് അതുപയോഗിക്കുന്നതിനും അങ്ങനെ കഴിയുമായിരുന്നില്ലേ? മാത്രമല്ല, ഇനിയാരും ഇത്തരത്തിൽ കെട്ടിടങ്ങൾ പണിയാൻ തുനിയുകയും ഇല്ല. പക്ഷേ എളിയവന്റെ തല പോലെയല്ലല്ലോ ന്യായാധിപന്മാരുടെ തല?

മരടിലെ ഫ്ളാറ്റുകൾ പൊളിക്കുമെന്നായപ്പോൾ കുറെ രാഷ്ട്രീയക്കാർ ആ ഫ്ളാറ്റിൽ താമസിക്കുന്നവരെ നേരിൽ കണ്ട്, ''നിങ്ങൾ ഒറ്റയ്ക്കല്ല, ഞങ്ങളുണ്ട് കൂടെ'' എന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ചുവത്രേ! ആ ഫ്ളാറ്റുകളിലെ താമസക്കാരായ കുടുംബക്കാർ അവരുടെ വാക്ക് വിശ്വസിച്ചുവത്രേ! എന്നിട്ട്... ആരുണ്ടായി കൂടെ? വെള്ളവും വെളിച്ചവും നിർത്തലാക്കിയപ്പോൾ കൂടെയുണ്ടായിരിക്കും എന്നു വാക്കു പറഞ്ഞവർ എവിടെപ്പോയിരുന്നു?

ചിലർ അവിടെ വന്നിരുന്നു. കെട്ടിടങ്ങൾ ബോംബുവച്ച് തകർക്കുന്ന സാങ്കേതികവിദ്യ കാണാനുള്ള കൗതുകം നിമിത്തമായിരുന്നുവെന്നു മാത്രം. ''ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്'' (മത്തായി 28:20) എന്നു വാക്കു പറഞ്ഞ കർത്താവായ യേശുക്രിസ്തുവിനെ ഈ സമയം ഓർത്തുപോകുന്നു. നിങ്ങളോടു കൂടെ ഞങ്ങളുണ്ട് എന്നു വീമ്പ് പറഞ്ഞ രാഷ്ട്രീയക്കാരെപ്പോലെയല്ലാ ഇത്. പറഞ്ഞത് പാലിക്കുന്നവനാണ് അവിടുന്ന്.

പണവും കിടപ്പാടവും നഷ്ടപ്പെട്ട് ഫ്ളാറ്റിൽനിന്നും പടിയിറങ്ങിയ കുടുംബക്കാരുടെ മനോവിഷമം... ഞങ്ങളെ പൊളിച്ചുകളയാനായി ട്ടാണോ പണിതത് എന്ന ചോദ്യചിഹ്നവുമായി അവിടെ കിടക്കുന്ന കോൺക്രീറ്റ് അവശിഷ്ടങ്ങളുടെ കൂമ്പാരം... ഇതോ പ്രകൃതിസംര ക്ഷണം എന്നു ഭാവേന ഉയരുന്ന പൊടിപടലങ്ങളുടെ പരിഹാസം... ഇതെല്ലാം കാണുമ്പോൾ എന്തിനു വേണ്ടിയായിരുന്നു ഇതൊക്കെ എന്നു തോന്നിപ്പോകുന്നു. പല വർഷങ്ങൾ കൊണ്ട് പണിതത് ചില സെക്കൻഡുകൾ കൊണ്ട് തകർത്തപ്പോൾ മനസ്സിനു ആശ്വാസവും സന്തോഷവും തോന്നിയവർ മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി മനസ്സിലാ ക്കേണ്ടതുണ്ട്.

നിയമം ലംഘിച്ച് ആരും ഒന്നും ഇവിടെ ഇനി മേലാൽ ചെയ്യാതിരി ക്കട്ടെ. പണം മുടക്കുന്നവർ നന്നായി ശ്രദ്ധിച്ചും ആലോചിച്ചും മാത്രം അതു ചെയ്യട്ടെ. തെറ്റായ കാര്യങ്ങൾ അനുവദിക്കുന്നതിന് അധികാരി കളും ബാങ്കുകാരും സമ്മതം മൂളാതിരിക്കട്ടെ. കോണിക്കണക്കിനു രൂപ പാഴാകുന്നത് അങ്ങനെ നമുക്ക് തടയാൻ കഴിയും.

കൈവശമുള്ള ബൈബിൾ വായിക്കാതെ പാരമ്പര്യത്തിലും പറഞ്ഞു കേൾക്കുന്നതിലും മാത്രം വിശ്വാസമർപ്പിച്ച് നീങ്ങുന്നവരും ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. നിയമം ലംഘിച്ച് പടുത്തുയർത്തുന്നത് വലിയ വിവ രക്കേടാണ്. നഷ്ടം മാത്രമേ അതുണ്ടാക്കുകയുള്ളൂ. മനഃസ്സമാധാനവും പണവും മാനവും എല്ലാം നഷ്ടപ്പെട്ടേക്കാം. ആത്മികതലത്തിൽ സംഭ വിക്കുന്ന നഷ്ടങ്ങളാണെങ്കിൽ അതിലുമധികം. ബൈബിളിൽ കാണാത്ത കാര്യങ്ങളെ അവഗണിക്കാൻ വിശ്വാസികൾ തയ്യാറാവണം. അങ്ങനെയെങ്കിൽ ഇന്നത്തെ വിശ്വാസഗോളത്തിലെ പല 'വലിയ ദൈവ ദാസന്മാരും' മേലനങ്ങി ജോലി ചെയ്യാൻ തുടങ്ങും.

മരടിലെ ഫ്ളാറ്റുകളുടെ ഗതി നമ്മുടെ സ്വപ്നങ്ങൾക്കും ആഗ്രഹ ങ്ങൾക്കും വരാതിരിക്കട്ടെ.

**എം. വി. സെബാസ്റ്റ്യൻ**

# പ്രതികരണങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ കത്തു മുഖേനയോ, sms ആയോ, email ആയോ whatsapp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കുകയുമാവാം. ഫോൺ: 95 44 557 557

## Pr. John Baby, Chungathara, Malappuram

ജനുവരിയിലെ 'സുഗതന്റെ കെട്ടു പൊട്ടി' എന്ന എഡിറ്റോറിയൽ വായിച്ചു. സമാനചിന്താഗതിയാണ് പല കാര്യത്തിലും. അതിന് ആദ്യം നന്ദി അറിയിക്കുന്നു. ഈ ചെറിയ മാസികയിലൂടെ പല കാര്യങ്ങളും മറ്റുള്ളവരെ അറിയിക്കാൻ കഴിയുന്നുവല്ലോ.

ചില വർഷങ്ങൾക്കു മുമ്പ് ചങ്ങനാശ്ശേരി അസംബ്ലീസ് ഓഫ് ഗോഡ് സഭയിൽ ആയിരിക്കുമ്പോൾ ഒരു വീട്ടിൽവെച്ച് ഞാൻ ഒരു കുടുംബത്തോട് സജിത്തിനെക്കുറിച്ച് മുന്നറിയിപ്പ് കൊടുത്തിരുന്നു. സജിത് അന്ന് നല്ല സ്മാർട്ട് പയ്യനായിരുന്നു. പൊടിമീശ പോലും വരാത്ത പയ്യാൻ. കുറെക്കാലം കഴിയുമ്പോൾ ഇയാൾ ഇതിൽ നിന്നും മാറിപ്പോകും എന്നു പറഞ്ഞു. പക്ഷേ അത് എന്റെ അസൂയ നിമിത്തം ഞാൻ പറഞ്ഞതാണ് എന്നു അവർ കളിയാക്കുകയാണ് ചെയ്തത്. സത്യം പറഞ്ഞാൽ മനുഷ്യനു അസൂയ തോന്നും വിധമാണ് സജിത് വളർന്നത്.

താങ്കൾ സൂചിപ്പിച്ചതുപോലെ അനേകർക്ക് ആത്മാക്കളെ കിട്ടാതെ വന്നപ്പോൾ എങ്ങനെ ഇതെല്ലാം സംഭവിച്ചു എന്ന് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. താങ്കളെഴുതിയ എഡിറ്റോറിയൽ പൂർണ്ണമായും സത്യമാണ്. അതിനോടു യോജിക്കുന്നു.

## Thomas PL, Paravoor, Ernakulam

ജനുവരിയിലെ മാസിക മുഴുവനും വായിച്ചു. ഓന്ത് എന്ന ചെറുകഥ ഇഷ്ടപ്പെട്ടു. എല്ലാ പംക്തികളും വളരെ നന്നായിട്ടുണ്ട്. താങ്കളെപ്പോലെ സത്യങ്ങൾ തുറന്നെഴുതുന്നവരെയാണ് ഇന്ന് ആവശ്യമായിട്ടുള്ളത്. തുടർന്നും തൂലിക നന്നായി ചലിപ്പിക്കാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

## K D Thomas, Pune, Maharashtra

ജനുവരി മാസത്തിലെ റിയൽ ലൈഫ് വോയ്സ് മാസിക ലഭിച്ചു.സുഗതന്റെ കെട്ടു പൊട്ടി എന്ന എഡിറ്റോറിയൽ വളരെ അർത്ഥവത്തായിരുന്നു. ദൈവം ഈ വർഷവും ഈ ശുശ്രൂഷയെ അനുഗ്രഹിക്കട്ടെ.

# മഹാഭാഗ്യം! 18

ററി. ജോൺമാത്യു, മണ്ണുത്തി

## അളവററ ശക്തി

"...വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവററ വലിപ്പം..." എന്നു എഫെസ്യർ 1:19 ൽ നാം വായിക്കുന്നു. ദൈവനാമത്തിൽ വലിയ കാര്യങ്ങൾ നാം ചെയ്യേണ്ടത് നമ്മുടെ സ്വന്ത ശക്തിയിൽ ആശ്രയം വച്ചുകൊണ്ടല്ല, പിന്നെയോ ദൈവത്തിൽനിന്നു പ്രാപിക്കുന്ന പരിശുദ്ധാത്മശക്തി മുഖാന്തരമായിരിക്കണം എന്നതാണ് ദൈവഹിതം.

"പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്...ഭൂമിയുടെ അററത്തോളവും എന്റെ സാക്ഷികൾ ആകും" (അപ്പൊ. പ്രവൃ.1:8) എന്നു കർത്താവ് അരുളിച്ചെയ്തതിന്റെ അർത്ഥം നാം ആഴമായി മനസ്സിലാക്കേണ്ടതാണ്. നമ്മുടെ ആത്മികപ്രവർത്തനങ്ങൾ ദൈവത്തിന്റെ ദൃഷ്ടിയിൽ ഫലകരമായി കാണപ്പെടണമെങ്കിൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടുകൊണ്ട് ദൈവഹിതപ്രകാരം തന്നെ നാം പ്രവർത്തിക്കണം.

നമ്മുടെ സ്വന്ത താല്പര്യങ്ങളനുസരിച്ച് കുറെ ഒച്ചപ്പാടും ബഹളവും ഒക്കെയുണ്ടാക്കി അനേകരുടെ ശ്രദ്ധയാകർഷിക്കത്തക്കവണ്ണം ചിലതൊക്കെ ചെയ്ത് സംതൃപ്തിയടയുന്നത് ദൈവമുമ്പാകെ വിലയുള്ള കാര്യമല്ല. ദൈവഹിതപ്രകാരം ദൈവാത്മശക്തിയാൽ നാം പ്രവർത്തിക്കുമ്പോഴാണ് അതു ഫലകരമായിത്തീരുന്നത്. എങ്ങനെയാണ് ദൈവാത്മശക്തിയിൽ നമുക്കു പ്രവർത്തിക്കാൻ കഴിയുന്നതെന്നു വചനം വെളിപ്പെടുത്തിത്തന്നിട്ടുണ്ട്.

വിശ്വസിക്കുന്നവർക്കുവേണ്ടി ദൈവത്തിന്റെ അളവററ ശക്തി വ്യാപരിക്കുമെന്ന വാഗ്ദത്തം നമുക്കു ലഭിച്ചിരിക്കുന്നതിനാൽ യഥാർത്ഥത്തിലുള്ള വിശ്വാസം ഉള്ളവരായിത്തീരുകയാണാവശ്യം. വിശ്വാസം എന്താണെന്നും അവിശ്വാസം എന്താണെന്നും വചനത്തിന്റെ വെളിച്ചത്തിൽത്തന്നെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ദൈവം വാഗ്ദത്തം ചെയ്ത കനാൻനാട്ടിൽ പ്രവേശിക്കുവാൻ, ദൈവത്തിൽ വിശ്വസിക്കുന്നതിനു തയ്യാറാകാഞ്ഞ യിസ്രായേല്യ തലമുറയ്ക്കു സാധിച്ചില്ല എന്നു എബ്രാ

യർ 3:19 ൽ നാം വായിക്കുന്നു. 'അവിശ്വാസം നിമിത്തം' അവർക്കു പ്രവേശിപ്പാൻ കഴിഞ്ഞില്ല എന്നാണ് ആ ജനത്തെക്കുറിച്ച് ദൈവാത്മാവ് രേഖപ്പെടുത്തിയിരിക്കുന്നത്.

ദൈവം അവരോടു കല്പിച്ചത് എന്തായിരുന്നുവെന്നും ആ കല്പനയോടു അവർ പ്രതികരിച്ചത് എങ്ങനെയായിരുന്നുവെന്നും മനസ്സിലാക്കിയാൽ 'വിശ്വാസം' എന്ന പദത്തിനു വചനം കല്പിച്ചിരിക്കുന്ന അർത്ഥം നമുക്കു വ്യക്തമാകും. ആവർത്തനം 1:19–33 വരെ വാക്യങ്ങൾ പരിശോധിക്കുമ്പോൾ നാം കാണുന്നത്, ദൈവം നേരത്തേ നൽകിയിരിക്കുന്ന വാഗ്ദാനപ്രകാരം കാദേശ് ബർന്നയിൽനിന്ന് കനാൻനാട്ടിലേക്കു കടക്കുവാൻ യിസ്രായേൽജനത്തോടു മോശെ പറഞ്ഞപ്പോൾ അവർ ഒറ്റുകാരെ അയച്ച് ദേശം തങ്ങൾക്കു കീഴടക്കാൻ പറ്റുന്നതാണോ എന്നന്വേഷിക്കാൻ ആഗ്രഹിച്ചുവെന്നും ഒറ്റുകാരിൽ യോശുവയും കാലേബും ഒഴിച്ച് ബാക്കി പത്തുപേർ നൽകിയ വിവരങ്ങളുടെ വെളിച്ചത്തിൽ കനാൻനാട്ടിലേക്കു പോകാൻ ശ്രമിക്കരുതെന്നു അവർ തീരുമാനിച്ചുവെന്നുമാണ്.

അവർ ദൈവത്തിന്റെ വാഗ്ദത്തം ശരിയെന്നു കരുതാതിരുന്നതും ദൈവത്തിന്റെ കല്പന ധിക്കരിച്ചതുമായിരുന്നു അവരുടെ അവിശ്വാസം. ദൈവത്തിന്റെ ഹിതം ഇന്നത് എന്നറിയുമ്പോൾ അതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാകാതിരുന്നത് അവിശ്വാസമാണെങ്കിൽ ദൈവഹിതം കൃത്യമായി മനസ്സിലാക്കി അതിൻപ്രകാരം പ്രവർത്തിക്കുന്നാണ് വിശ്വാസം. അതിനാൽ, ദൈവത്തിന്റെ കല്പനകളെക്കുറിച്ചുള്ള കൃത്യമായ അറിവ്, അവ അങ്ങനെതന്നെ അനുസരിക്കുന്ന സ്വഭാവം, സ്വന്തജീവിതത്തിൽ ഓരോ കാര്യത്തിലും ദൈവഹിതപ്രകാരം തന്നെ പ്രവർത്തിക്കുന്ന അനുഭവം എന്നീ കാര്യങ്ങളാണ് 'വിശ്വാസം' എന്ന പദം കൊണ്ട് ദൈവവചനം അർത്ഥമാക്കുന്നത്.

ഈ ഗുണവിശേഷങ്ങൾ ഉണ്ടായിരുന്ന പഴയനിയമകാലത്തെ ഭക്തന്മാരിലൂടെ ദൈവം മഹത്തായ കാര്യങ്ങൾ നിർവഹിച്ചു. നോഹയുടെ വിശ്വാസം മാനവരാശിയുടെ സമ്പൂർണ്ണമായ നാശം ഒഴിവാക്കി (ഉല്പത്തി 6:13; 9:1); മോശെയുടെ വിശ്വാസം യിസ്രായേൽജനത്തിനുവേണ്ടി ദൈവം ചെങ്കടൽ വിഭജിച്ചു കൊടുക്കാനിട വരുത്തി (പുറപ്പാട് 14:21–22); പിന്നീട് അവർക്ക് മരുഭൂമിയിൽ ആകാശത്തുനിന്നു ഭക്ഷണവും പാറയിൽനിന്നു വെള്ളവും ലഭിക്കാൻ കാരണമായതും (പുറപ്പാട് 16:4; 16:16–18; 17:6) മോശെയുടെ വിശ്വാസമായിരുന്നു.

ഫറവോനെ ദൈവം ന്യായം വിധിച്ചതിന്റെയും ലക്ഷക്കണക്കിനു ജനത്തെ മരുഭൂമിയിലൂടെ എല്ലാവിധ ക്ഷേമവും നൽകി വഴി നടത്തി കനാൻനാട്ടിലേക്ക് നയിച്ചതിന്റെയും പിന്നിൽ പ്രവർത്തിച്ച സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അളവറ്റ ശക്തിയുടെ രഹസ്യവും മറ്റൊന്നായിരുന്നില്ല. മോശെയുടെ വിശ്വാസം മുഖാന്തരമാണ് ദൈവത്തിന് ആ അത്ഭുതങ്ങളെല്ലാം പ്രവർത്തിക്കാൻ കഴിഞ്ഞത്.

ശദ്രക്കിന്റെയും മേശെക്കിന്റെയും അബേദ്നെഗോവിന്റെയും വിശ്വാസം തീയുടെ ശക്തി പോലും ഇല്ലായ്മ ചെയ്തുവെന്നും (ദാനിയേൽ 3:25) പത്രൊസിന്റെ വിശ്വാസവും സഭാംഗങ്ങളുടെ പ്രാർത്ഥനയും ഇരുമ്പുചങ്ങല അഴിയുവാനും ഇരുമ്പുവാതിൽ തുറക്കപ്പെടുവാനും ഇടവരുത്തിയെന്നും (അപ്പൊ.പ്രവൃ.12:1-11) നാം വായിക്കുന്നു. പഴയനിയമകാലത്തും അപ്പൊസ്തലികകാലത്തും ശരിയായ നിലയിൽ വിശ്വാസം പ്രകടമാക്കിയ ആളുകൾ മുഖാന്തരം ദൈവം നിരവധി അത്ഭുതങ്ങൾ പ്രവർത്തിച്ചതായിട്ടാണ് നാം കാണുന്നത്.

അവരെല്ലാവരും ദൈവത്തിന്റെ ശക്തിയിൽ ആശ്രയം വയ്ക്കുകയും സ്വന്തകഴിവുകൾ ദൈവത്തിനു ഉപയോഗിക്കുവാൻ ദൈവകരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കുകയുമാണ് ചെയ്തത്. അവർ തങ്ങളുടെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പ്രകടമാക്കിയ തരത്തിലുള്ള വിശ്വാസമാണ് ഇന്നു നമ്മിലും കാണപ്പെടേണ്ടത്. അവർ ദൈവവചനത്തോടു യാതൊന്നും കൂട്ടുചേർക്കാതെയും അതിൽനിന്നും യാതൊന്നും എടുത്തുമാറ്റാതെയും സ്വന്ത താത്പര്യങ്ങളനുസരിച്ച് അതു വ്യാഖ്യാനിച്ചു വളച്ചൊടിക്കാതെയും വാസ്തവത്തിൽ അത് എങ്ങനെ ആയിരിക്കുന്നുവോ അങ്ങനെത്തന്നെ മനസ്സിലാക്കി അനുസരിക്കുകയുമാണ് ചെയ്തത്.

അപ്രകാരം തന്നെ ഇന്നു നാമും ചെയ്യണം. എങ്കിൽ മാത്രമേ ദൈവത്തിന്റെ അളവറ്റ ശക്തി നമ്മിലൂടെ വ്യാപരിക്കുകയുള്ളൂ. (തുടരും)

## മാന്യവായനക്കാരോട്:

**നിങ്ങളുടെ പ്രതികരണങ്ങൾക്കായി ഞങ്ങൾ കോതോർക്കുന്നു. ഞങ്ങളുടെ വായനക്കാരുടെ പക്കൽനിന്നും ലഭിക്കുന്ന വരിസംഖ്യയ്ക്കും സംഭാവനകൾക്കും ഞങ്ങൾ രണ്ടാം സ്ഥാനമാണ് കൊടുക്കുന്നത്. ഒന്നാം സ്ഥാനം നിങ്ങളുടെ പക്കൽനിന്നും ഞങ്ങൾക്കു ലഭിക്കുന്ന പ്രതികരണങ്ങൾക്കാണ്. (എഡിറ്റർ)**

# 3 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

## ഒന്നാം ഭാഗം: മരങ്ങൾ

2. **ഒലിവ്** (റോമർ 11:17-24)

**ഒലിവ്മരവും, ഒലിവ്മലയും:** ബൈബിളിലെ ഉല്പത്തിപ്പുസ്തകം മുതൽ നാം കാണുന്ന മരമാണ് ഒലിവ്മരം. പഴയനിയമത്തിൽ ഉല്പത്തി, പുറപ്പാട്, ലേവ്യർ എന്നീ ആദ്യത്തെ മൂന്നു പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ളത് കൂടാതെ, പഴയനിയമത്തിലെ മറ്റു പല പുസ്തകങ്ങളിലും ഒലിവുമരത്തെക്കുറിച്ചുള്ള പരാമർശങ്ങളുണ്ട്. എന്നാൽ പുതിയനിയമത്തിലേക്കു വരുമ്പോൾ റോമർ (11:17,24), യാക്കോബ് (3:12), വെളിപ്പാട് (11:4) എന്നീ മൂന്നു പുസ്തകങ്ങളിൽ മാത്രമാണ് ഒലിവ്മരത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. എല്ലാം കൂടി ആകെ നാലു വാക്യങ്ങൾ മാത്രം. പക്ഷേ ഒലിവ്മലയെക്കുറിച്ച് 11 വാക്യങ്ങളുണ്ട്. ഒലിവ്മരങ്ങൾ സമൃദ്ധമായി വളരുന്ന സ്ഥലമായതുകൊണ്ടാകാം ആ മലയ്ക്ക് ഒലിവ്മല എന്നു പേരു വന്നത്.

**ഒലിവില:** ജലപ്രളയത്തിനുശേഷം, ഭൂമിയിൽ വെള്ളം കുറഞ്ഞുവോ എന്നു നോഹ മനസ്സിലാക്കിയത്, പ്രാവിന്റെ വായിലെ പച്ച ഒലിവില കണ്ടതുകൊണ്ടാണ് (ഉല്പത്തി 8:11). ഒളിമ്പിക്സ് മത്സരങ്ങളിൽ വിജയികൾക്ക് ഒലിവില കൊണ്ടുള്ള കിരീടം സമ്മാനിച്ചിരുന്നതായി പറയപ്പെടുന്നു. ഈ കിരീടം കുറച്ചു നാൾ കഴിയുമ്പോൾ വാടിപ്പോകുക സ്വാഭാവികം. പുരാതന ഒളിമ്പിക്സിലെ ഇക്കാര്യം ഓർമ്മയിൽ വച്ചുകൊണ്ടാണ് 'വാടുന്ന കിരീടം' (1 കൊരിന്ത്യർ 9:25) എന്നു പൗലൊസും, 'വാടാത്ത കിരീടം' (1 പത്രൊസ് 5:4) എന്നു പത്രൊസും പറഞ്ഞിരിക്കുന്നത്.

**ഒലിവെണ്ണ:** ഒലിവിന്റെ ഫലം നല്ലവണ്ണം പഴുത്തു പാകമായാൽ കറുപ്പു നിറമാണത്രേ. കൊമ്പുകളിൽ കമ്പുകൊണ്ട് തല്ലിയിട്ടാണ് ഒലിവ്മരത്തിൽനിന്നും ഫലം ശേഖരിക്കുന്നത് (ആവർത്തനം 24:20; യെശയ്യാവ് 17:6; 24:13). അങ്ങനെ ശേഖരിക്കുന്ന ഒലിവ്കായ്, മുന്തിരിപ്പഴത്തിന്റെ കാര്യത്തിലെന്ന പോലെ, കാലുകൊണ്ട് ചവിട്ടിയാണ് അതിൽനിന്നും എണ്ണ വേർതി

രിച്ചിരുന്നത് (മീഖാ 6:15). ഒലിവെണ്ണ (olive oil) യെഹൂദന്മാരുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായിരുന്നു. ഒലിവെണ്ണ വിളക്കിൽ ഉപയോഗിച്ചിരുന്നു (പുറപ്പാട് 27:20); ദേഹത്ത് പുരട്ടാൻ ഉപയോഗിച്ചിരുന്നു (മീഖാ 6:15).

**കാട്ടൊലിവും, നല്ല ഒലിവും:** കാട്ടൊലിവിനെക്കുറിച്ച് റോമാലേഖനത്തിൽ മാത്രമാണ് പറഞ്ഞിട്ടുള്ളത് (റോമർ 11:17). ജാതികളോടുള്ള ദൈവത്തിന്റെ ദയയെ വിവരിക്കുന്നിടത്താണ് അപ്പൊസ്തലനായ പൗലൊസ് കാട്ടൊലിവും നല്ല ഒലിവും തമ്മിലുള്ള ഒരു താരതമ്യം കാണിക്കുന്നത്. യെഹൂദന്മാർ നല്ല ഒലിവും ബാക്കിയുള്ളവർ (ജാതികൾ) കാട്ടൊലിവും ആണെന്നു പൗലൊസ് പറയുന്നു. വാഗ്ദത്തം പ്രാപിച്ച ജനത യെഹൂദരാണ്. മശിഹാ യെഹൂദരിൽനിന്നാണല്ലോ ജനിച്ചത്.

യെഹൂദരുടെ ഇടയിൽ മാത്രം ദൈവരാജ്യം പ്രസംഗിക്കാനാണ് കർത്താവ് തന്റെ ശിഷ്യന്മാരോട് ആദ്യം പറഞ്ഞത് (മത്തായി 10:6). യെഹൂദരുടെ കൂട്ടത്തിൽ പെടാത്ത ഒരു കനാന്യസ്ത്രീ കർത്താവിന്റെ അടുക്കൽ വന്ന്, മകളുടെ ഭൂതോപദ്രവത്തിൽനിന്നും അവളെ രക്ഷിക്കുവാൻ അഭ്യർത്ഥിച്ചപ്പോൾ, "മുമ്പെ മക്കൾക്ക് (അതായത് യെഹൂദന്മാർക്ക്) തൃപ്തി വരട്ടെ" എന്നാണ് കർത്താവ് പ്രതികരിച്ചത് (മർക്കൊസ് 7:24-30).

എന്നാൽ കാൽവരിക്രൂശിലെ യാഗം എല്ലാം മാറ്റിമറിച്ചു. യെഹൂദനും ജാതിയും എന്ന വേർതിരിവ് അവസാനിച്ചു. ഇരുപക്ഷത്തെയും ഒന്നാക്കി. വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞു (എഫെസ്യർ 2:13,14). കർത്താവായ യേശുവിനെ സ്വന്തം രക്ഷിതാവും കർത്താവും ആയി സ്വീകരിക്കുന്ന ആർക്കും ദൈവമക്കളാകാം എന്ന വ്യവസ്ഥ വന്നു. കാട്ടൊലിവിനെ നല്ല ഒലിവുമായി ഒട്ടിച്ചുച്ചേർത്തു എന്നു പറഞ്ഞുകൊണ്ടാണ് പൗലൊസ് ഇക്കാര്യം വിശദീകരിക്കുന്നത്.

**യിസ്രായേൽ – ദൈവത്തിന്റെ പ്രിയപ്പെട്ട ജനം:** യിസ്രായേൽ ഇന്നും ദൈവത്തിനു പ്രിയപ്പെട്ട ജനം തന്നെയാണ്. അല്പകാലത്തേക്കു മാത്രമാണ് അവർക്ക് ഈ താഴ്ച വന്നിരിക്കുന്നത് എന്നും, ദൈവം അവരോട് വീണ്ടും ഹൃദ്യമായി ഇടപെടുവാൻ പോകുകയാണ് എന്നും ബൈബിൾ വെളിപ്പെടുത്തുന്നുണ്ട് (റോമർ 11:25,26; 11:12). അതിനുള്ള മുന്നൊരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഒരു കാലത്ത് ഈ ഭൂഗോളത്തിൽ സ്വന്തമായി ഒരിഞ്ചു സ്ഥലം പോലുമില്ലാതിരുന്നവരും, ലോകം മുഴുവൻ ചിതറിക്കപ്പെട്ട അവസ്ഥയിൽ കിടന്നിരുന്നവരുമായ ജനമായിരുന്നു യിസ്രായേൽ. പക്ഷേ അവർക്ക് 1948ൽ സ്വന്തമായി സ്ഥലം ലഭിച്ചു. യിസ്രായേൽ എന്ന രാഷ്ട്രം രൂപം കൊണ്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും, ഇങ്ങ് കേരളത്തിൽ നിന്നു വരെ, യെഹൂദന്മാർ തങ്ങൾക്ക് പുതുതായി ലഭിച്ച നാട്ടിലേക്ക് ചെന്നുചേർന്നു.

പിന്നീട് ചുറ്റുമുള്ള അറബ് രാഷ്ട്രങ്ങൾ ഒന്നു ചേർന്ന് ഈ യിസ്രായേൽ രാഷ്ട്രത്തെ ആക്രമിച്ച കാഴ്ചയാണ് നാം കാണുന്നത്. നാണം കെട്ടതു മിച്ചം. കേരളത്തേക്കാൾ ചെറുതായ ഈ കൊച്ചുരാഷ്ട്രത്തെ തോല്പിക്കാൻ അവർക്കു കഴിഞ്ഞില്ല. ഒരു അദൃശ്യശക്തി അവരെ സംരക്ഷിക്കുന്നുണ്ടെന്നു ശത്രുക്കൾ പോലും പറഞ്ഞുപോകുന്ന വിധമുള്ള പ്രകടനമായിരുന്നു യിസ്രാ യേലിന്റേത്. അതെ; അവർ ദൈവത്തിന്റെ പ്രിയപ്പെട്ട ജനം തന്നെ! കൃപ യുടെ വാതായനങ്ങൾ അവരുടെ മുമ്പിൽ വീണ്ടും തുറക്കുവാനായി പോകു കയാണ്. ദൈവികപദ്ധതിയിൽ വീണ്ടും യിസ്രായേലിന് മുൻതൂക്കം ലഭിക്കാ നായി പോവുകയാണ്.

**ഒലിവുമരം നൽകുന്ന പാഠം:** റോമർ 11-ാം അദ്ധ്യായത്തിന്റെ പശ്ചാത്ത ലത്തിൽ ഒലിവുമരത്തെ നാം ഭാവനയിൽ കാണുമ്പോൾ, നമുക്ക് ലഭിക്കുന്ന പാഠമെന്താണ്? ജാതികളോടുള്ള ദൈവത്തിന്റെ ദയയെയാണ് ഒലിവുമരം പ്രദർശിപ്പിക്കുന്നത്. ജാതികളുടെ കൂട്ടത്തിൽ പെട്ട നമ്മെ വിശേഷിപ്പിക്കാ നായി ബൈബിളിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ നാം ശ്രദ്ധിക്കുക: നായ്ക്കൾ (മത്തായി 15:26), കാട്ടൊലിവ് (റോമർ 11:17), ദൂരസ്ഥർ (എഫെസ്യർ 2:13)... ക്രൂശിൽ കർത്താവ് ചൊരിഞ്ഞ രക്തത്താൽ, ഈ നായ്ക്കളെ ആട്ടിൻകുട്ടി കളാക്കി; കാട്ടൊലിവിനെ നല്ല ഒലിവുമായി ചേർത്തൊട്ടിച്ചു; ദൂരസ്ഥരെ സമീ പസ്ഥരാക്കി. ദൈവത്തിനു സ്തോത്രം!

കാട്ടൊലിവ് ഗുണമില്ലാത്തതാണ്. നല്ല ഒലിവ് എന്നു വേറെ പറഞ്ഞിരി ക്കയാൽ, കാട്ടൊലിവ് ചീത്ത ഒലിവ് ആണ് എന്നു അർത്ഥം വരുന്നുണ്ട്. ഞാൻ എന്ന ഈ ചീത്ത ഒലിവിനെ, വെട്ടിക്കളയാൻ മനസ്സില്ലാതെ, നല്ലവ നായ ദൈവം എന്നോടു കരുണ തോന്നി, എന്നെ വെട്ടിയെടുത്ത് നല്ല ഒലി വിനോട് ചേർത്ത് ഒട്ടിച്ചു. ഇനി മുതൽ ഞാൻ ചീത്ത ഒലിവല്ല; നല്ല ഒലിവാ ണ്. ഇനി ഞാൻ ദൈവത്തിനും മനുഷ്യനും കൊള്ളാകുന്നവനത്രേ!

പ്രിയ വിശ്വാസി, പഴയ കാട്ടൊലിവിന്റെ ഗന്ധം ഇനി നിന്നിൽ കാണാതി രിക്കട്ടെ. ദൈവസഭയ്ക്കും കുടുംബത്തിനും സമൂഹത്തിനും പ്രയോജനമു ള്ളവനായിരിക്കുക. എന്തുകൊണ്ടെന്നാൽ, നീ ആ പഴയ, നിർഗുണം പിടിച്ച കാട്ടൊലിവല്ല; നല്ല ഒലിവാണ്. അതു മറക്കാതിരിക്കുക.

**(തുടരും)**

**വൈവാഹികം**

അനുയോജ്യമായ വരനെ തേടുന്നു. GNM, Govt. Staff Nurse, 25/172 സുവിശേഷതൽപരരായ കുടുംബത്തിലെ അംഗം. സ്ത്രീധനം ആവശ്യമില്ലാത്തവർ മാത്രം ബന്ധപ്പെടുക.

**ഫോൺ: 8547627035** ⇦ **ഈ നമ്പറിൽ മാത്രം വിളിക്കുക എഡിറ്ററെ വിളിക്കരുത്**

# പരിശുദ്ധാത്മാവ്

## 21

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

## **അന്യഭാഷ** (തുടർച്ച)

**അന്യഭാഷ**

അന്യഭാഷയെക്കുറിച്ച് പുതിയനിയമത്തിൽ മൂന്നു പുസ്തകങ്ങളിൽ മാത്രമാണ് പറഞ്ഞിട്ടുള്ളതെന്നും, ആ മൂന്നു പുസ്തകങ്ങൾ മർക്കൊസ്, അപ്പൊസ്തലപ്രവൃത്തികൾ, 1 കൊരിന്ത്യർ എന്നിവയാണെന്നും നാം ചിന്തിച്ചതാണല്ലോ. ഇവയിൽ ആദ്യത്തെ രണ്ടു പുസ്തകങ്ങളിലെ വാക്യങ്ങൾ നാം പരിശോധിച്ചുകഴിഞ്ഞു. ഇനി 1 കൊരിന്ത്യരിലെ വാക്യങ്ങൾ നോക്കാം.

**അന്യഭാഷ - 1 കൊരിന്ത്യരിൽ**

1 കൊരിന്ത്യർ 12:4-11 വരെയുള്ള വാക്യങ്ങളിൽ 9 കൃപാവരങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. (1) ജ്ഞാനത്തിന്റെ വചനം, (2) പരിജ്ഞാനത്തിന്റെ വചനം, (3) വിശ്വാസം, (4) രോഗശാന്തികളുടെ വരം, (5) വീര്യപ്രവൃത്തികൾ, (6) പ്രവചനം, (7) ആത്മാക്കളുടെ വിവേചനം, (8) പലവിധ ഭാഷകൾ, (9) ഭാഷകളുടെ വ്യാഖ്യാനം എന്നിവയാണവ. ഇവിടെ കാണുന്ന 9 കൃപാവരങ്ങളിൽ ഒന്നു മാത്രമാണ് അന്യഭാഷ (പലവിധ ഭാഷകൾ); അതും ആ ലിസ്റ്റിൽ അവസാനഭാഗത്താണ് കിടക്കുന്നത്. 9 കൂട്ടങ്ങളുള്ള ഒരു ലിസ്റ്റിൽ അന്യഭാഷയെ മാത്രം പെരുപ്പിച്ചു കാണുന്നതിലും അതു മാത്രം എല്ലാവർക്കും വേണം എന്നു നിർബന്ധം പിടിക്കുന്നതിലും എന്തു ഔചിത്യമാണുള്ളത്?

1 കൊരിന്ത്യർ 12,13,14 അദ്ധ്യായങ്ങളിൽ അന്യഭാഷയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അവയുടെ അടിസ്ഥാനത്തിൽ നമുക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ചിന്തിക്കാം.

**(1) അന്യഭാഷ/ഭാഷാവരം എന്നാൽ എന്താണ്?**

ഒരുവന് പല വിധ ഭാഷകൾ (12:10) എന്ന പ്രയോഗം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരുവന് എന്ന ഏകവചനവും പല വിധ ഭാഷകൾ എന്ന ബഹുവചനവും നോക്കുക. ഭാഷാവരം കിട്ടിയ ഒരാൾക്ക് പലവിധ ഭാഷകൾ സംസാരിക്കാനുള്ള കഴിവ് ലഭിക്കും എന്നാണ് ഇവിടെ വ്യക്തമാകുന്നത്. ഇന്ന് ഭാഷാവരം കിട്ടിയെന്നു അവകാശപ്പെടുന്നവർ കാണിച്ചുകൂട്ടുന്നത് എന്താണ്? ഒരു ഭാഷയെങ്കിലും പഠിക്കാതെ പറയാനുള്ള കഴിവ് ഇവർക്ക്

ആർക്കുമില്ല. വെറുതെ ചില അർത്ഥമില്ലാത്ത അക്ഷരങ്ങൾ വെറുതെ തട്ടി വിടുന്നതാണ് ഇന്നത്തെ അന്യഭാഷ. അത് പറയുന്നവർ മിടുക്കന്മാരും വിശുദ്ധന്മാരും ആത്മാവുള്ളവരും; പറയാത്തവർ മണ്ടന്മാരും ആത്മാവില്ലാത്തവരും!

ഒരാൾക്ക് പഠിക്കാതെ പലവിധ ഭാഷകൾ പറയാനുള്ള വരം ലഭിച്ചാൽ അതാണ് അന്യഭാഷ. അതല്ലാതെ ഇന്നത്തെ കരിസ്മാറ്റിക്കുകാരും പെന്തെക്കോസ്തുകാരും പറയുന്നതല്ല. വിഷയങ്ങൾ ബൈബിളിലെ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ പഠിക്കാൻ എല്ലാവരും തയ്യാറായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു!

ഉത്തരം മുട്ടുമ്പോൾ ഇത് ഞങ്ങളുടെ അനുഭവമാണ് എന്നു പറഞ്ഞ് രക്ഷപ്പെടാനാണ് ഇക്കൂട്ടർ ശ്രമിക്കുന്നത്. സുഹൃത്തേ, താങ്കളുടെ അനുഭവം ബൈബിളിലെ വാക്യങ്ങളുമായി ഒത്തുപോകുന്നില്ലെങ്കിൽ, ആ അനുഭവത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് ദൈവാത്മാവല്ലെന്നു തിരിച്ചറിയുക.

### (2) ഭാഷാവരം എല്ലാവർക്കും കിട്ടുമോ?

1 കൊരിന്ത്യർ 12:29,30 ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: "എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ? എല്ലാവർക്കും രോഗശാന്തിക്കുള്ള വരം ഉണ്ടോ? **എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?**..."

"എല്ലാവരും അപ്പൊസ്തലന്മാരോ?" എന്ന ചോദ്യത്തിന് "അല്ല" എന്നാണ് സ്വാഭാവികമായും മറുപടി പറയുക. "എല്ലാവരും പ്രവാചകന്മാരോ?" എന്ന ചോദ്യത്തിന് "അല്ല" എന്ന മറുപടിയാണ് ചേരുന്നത്. അതുപോലെ "എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നുവോ?" എന്ന ചോദ്യത്തിനും "ഇല്ല" എന്നതാണ് സ്വാഭവികമായ മറുപടി.

എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണമെന്നില്ല. അതൊരു കുറവുമല്ല. എല്ലാവരും അപ്പൊസ്തലന്മാരല്ലാത്തത് ഒരു കുറവ് അല്ലെങ്കിൽ, എല്ലാവരും പ്രവാചകന്മാരല്ലാത്തത് ഒരു കുറവ് അല്ലെങ്കിൽ, എല്ലാവരും അന്യഭാഷകളിൽ സംസാരിക്കാത്തത് ഒരു കുറവല്ല.

എന്തുകൊണ്ടാണ് എല്ലാവർക്കും അന്യഭാഷ ലഭിക്കാത്തത്? മറുപടി വേദപുസ്തകത്തിലുണ്ട്. പരിശുദ്ധാത്മാവ് ആണ് എല്ലാവർക്കും വരം പകുത്തുകൊടുക്കുന്നത്. അതാകട്ടെ, പരിശുദ്ധാത്മാവിന്റെ ഇച്ഛയനുസരിച്ചാണ് (1 കൊരി. 12:11). പരിശുദ്ധാത്മാവ് ഈ വരങ്ങളൊക്കെ കൊടുക്കുന്നത് പൊതുപ്രയോജനത്തിനു വേണ്ടിയാണ് (12:7). പൊതുപ്രയോജനം കണക്കിലെടുത്ത് ദൈവാത്മാവ് താൻ ഇച്ഛിക്കുംപോലെ പകുത്തുകൊടുക്കുന്നതു കൊണ്ടാണ് എല്ലാവർക്കും എല്ലാ വരവും ലഭിക്കാത്തത്. **(തുടരും)**

# യോവേൽ 11
## (പുസ്തകപഠനം)

### എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:13**

**“വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെത്തന്നെ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്ക് തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും”**

വസ്ത്രങ്ങളെയല്ല, ഹൃദയങ്ങളെത്തന്നെ കീറി ദൈവത്തിങ്കലേക്ക് തിരിയണം. അനുതാപം വരുമ്പോഴേക്കും ഉടുവസ്ത്രം കീറിക്കൊണ്ട് അത് പ്രകടമാക്കുന്ന പ്രവണത യിസ്രായേൽമക്കൾക്കുണ്ട്. ദൈവം അത്തരം പ്രകടനങ്ങൾ കണ്ടു മടുത്തു. അതുകൊണ്ടാണ് പറയുന്നത്, വസ്ത്രങ്ങളല്ല കീറേണ്ടത്, ഹൃദയങ്ങളാണ്. വസ്ത്രം കീറുന്നത് ആത്മാർത്ഥതയില്ലാത്ത വെറുമൊരു ബാഹ്യപ്രകടനമായി അധഃപതിച്ചു എന്നു യഹോവ മനസ്സിലാക്കുന്നു. പ്രശ്നം കിടക്കുന്നത് ഹൃദയത്തിലാണ്.

“ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളത്” (യിരമ്യാവ് 17:9). “ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽനിന്നു പുറപ്പെട്ടുവരുന്നു” (മത്തായി 15:19). വിശ്വസിച്ച് സ്നാനമേറ്റ് ഫിലിപ്പോസിനോടു ചേർന്നു നിന്ന ശിമോനോട് പത്രൊസ് പറഞ്ഞത്: “നിന്റെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതല്ലായ്കകൊണ്ട് ഈ കാര്യത്തിൽ നിനക്കു പങ്കും ഓഹരിയുമില്ല” (അപ്പൊ.പ്രവൃ.8:21)

ദൈവസന്നിധിയിൽ നാം തന്നെ നമ്മുടെ ഹൃദയം കീറണം. നമ്മുടെ ‘ഹാർട്ട് ഓപ്പറേഷൻ’ നാം തന്നെ നടത്തണം. ഇടയ്ക്കിടെ നാം ഹാർട്ട് ഓപ്പറേഷൻ നടത്തണം. രോഗിയും ഡോക്ടറും നാം തന്നെ. നിർമ്മലമായ ഹൃദയത്തോടെ ദൈവത്തെ സമീപിക്കാൻ നമുക്കു കഴിയണം.

**യോവേൽ 2:14**

**“നിങ്ങളുടെ ദൈവമായ യഹോവ വീണ്ടും അനുതപിച്ചു തനിക്കു ഭോജനയാഗവും പാനീയയാഗവുമായുള്ളോരു അനുഗ്രഹം വെച്ചേക്കയില്ലയോ? ആർക്കറിയാം?”**

ഭോജനയാഗവും പാനീയയാഗവും ദൈവത്തിന്റെ ആലയത്തിൽനിന്നു

മുടങ്ങിപ്പോയതിനെപ്പറ്റി 1:13 ൽ പറഞ്ഞിട്ടുണ്ടല്ലോ. ആ അവസ്ഥയ്ക്ക് ദൈവം മാറ്റം വരുത്തും. അഭക്തിയും അനുസരണക്കേടും നിമിത്തം നഷ്ടപ്പെട്ടതെല്ലാം ദൈവം യഥാസ്ഥാനത്താക്കും. ഭോജനയാഗം അർപ്പിക്കാവുന്ന രീതിയിൽ കൃഷി അനുഗ്രഹിക്കപ്പെടും. പാനീയയാഗം അർപ്പിക്കാവുന്ന രീതിയിൽ മുന്തിരിവള്ളി പുഷ്ടിപ്പെടും. നഷ്ടപ്പെട്ട അനുഗ്രങ്ങൾ തിരിച്ചു തരും എന്നു പറയുന്നതിനു പകരം "തനിക്കു ഭോജനയാഗവും പാനീയയാഗവുമായുള്ളോരു അനുഗ്രഹം" തരും എന്നു ദൈവം പറഞ്ഞിരിക്കുന്നു!

ദാരിദ്ര്യം അനുഭവിക്കുന്ന ഒരാൾ "എന്നെ സമ്പന്നനാക്കണമേ" എന്നു പ്രാർത്ഥിക്കുന്നതിനു പകരം "എനിക്കു നല്ലൊരു തുക സ്തോത്രക്കാഴ്ച ഇടാൻ സഹായിക്കണേ" എന്നു പ്രാർത്ഥിച്ചാൽ എങ്ങനെയുണ്ട്? അതുപോലെയുള്ള ഒരു ശൈലിയാണ് ദൈവം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ഗോതമ്പുകൃഷിയും മുന്തിരിവള്ളിയും അനുഗ്രഹിക്കപ്പെടും എന്നു പറയുന്നതിനു പകരം ഭോജനയാഗവും പാനീയയാഗവും തരും എന്നു പറഞ്ഞിരിക്കുന്നു.

സുഖമില്ലാതെ കിടക്കുന്നവൻ "എനിക്കു ദൈവം സൗഖ്യം തരും" എന്നു പറയുന്നതിനു പകരം "എന്നെ സുവിശേഷവേല ചെയ്യാൻ ദൈവം സഹായിക്കും" എന്നു പറയുന്നതുപോലെ! ദൈവം എനിക്ക് സൗഖ്യം തന്നാൽ ഞാൻ സുവിശേഷ വേല ചെയ്യും എന്നൊരു സന്ദേശവും അതിലുണ്ട്. ഇത്തരം ചിന്താഗതികൾ ദൈവത്തിനിഷ്ടമുള്ളതാണ് എന്നു ഈ സന്ദർഭവും വ്യക്തമാക്കുന്നു.

ഗോതമ്പുകൃഷിയും മുന്തിരിവള്ളിയും അനുഗ്രഹിക്കപ്പെടും എന്നു പറയുന്നതിനു പകരം ഭോജനയാഗവും പാനീയയാഗവും തരും എന്നു പറഞ്ഞിരിക്കുന്നതിൽ രണ്ടു ആശയങ്ങൾ അടങ്ങിയിട്ടുണ്ട്. ഒന്ന്: നാം അനുഗ്രഹിക്കപ്പെടണം. രണ്ട്: ഈ അനുഗ്രഹങ്ങളുടെ ആത്യന്തികലക്ഷ്യം ദൈവനാമ മഹത്വമാണ്.

ദൈവസന്നിധിയിൽ നാം കാണിക്കുന്ന അവിശ്വസ്തത നിമിത്തം പല അനുഗ്രഹങ്ങളും ദൈവം പിൻവലിച്ചേക്കാം; ചില അനുഗ്രഹങ്ങൾ തരാതിരുന്നേക്കാം. പക്ഷേ എല്ലാ തിരിച്ചുപിടിക്കുന്നതിനുള്ള ഫോർമുലയാണ് ഇവിടെ നാം കാണുന്നത്. (1) പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചലോടും വിലാപത്തോടും കൂടെ ദൈവത്തിങ്കലേക്ക് തിരിയണം (2;12). (2) വസ്ത്രങ്ങളെയല്ല, ഹൃദയങ്ങളെത്തന്നേ കീറി ദൈവത്തിങ്കലേക്ക് തിരിയണം (2;13).

ഇത്രയേ വേണ്ടൂ. ദൈവത്തോടു അടുത്തു ചെല്ലുന്ന വിധമുള്ള ഒരു മനം മാറ്റം. ഒരു മാനസാന്തരം. കൂടെ വരാത്ത അനുഗ്രഹങ്ങളെ നേടിയെടുക്കാം. അനുഗ്രഹങ്ങൾ എന്നു പറഞ്ഞാൽ ഭൗതികവും ആത്മികവും ഉണ്ട് എന്ന കാര്യവും നാം ഓർമ്മയിൽ വയ്ക്കണം. **(തുടരും)**

ചിന്തകൾ പന്തങ്ങളാകുമ്പോ

എന്റെ ഡയറിക്കുറിപ്പുകൾ

26

എം. വി. സെബാസ്റ്റ്യൻ

# പൊളിഗമി (polygamy)!

**2013**

എന്റെ ട്യൂഷൻ സെന്ററിൽ ഞാൻ ഏഴാം ക്ലാസ്സുകാരെ സോഷ്യൽ സയൻസ് പഠിപ്പിക്കുകയായിരുന്നു അന്ന്. സാമൂഹ്യപരിഷ്കർത്താക്കളെ (social reformers) കുറിച്ചുള്ളതായിരുന്നു പാഠം.

അവർ ശൈശവവിവാഹത്തെ എതിർത്തു. വിധവാപുനർവിവാഹത്തെ പ്രോത്സാഹിപ്പിച്ചു. തൊട്ടുകൂടായ്മ, ജാതിവ്യവസ്ഥ എന്നിവയെ എതിർത്തു... അങ്ങനെയുള്ള കാര്യങ്ങളായിരുന്നു ആ പാഠത്തിൽ ഉണ്ടായിരുന്നത്.

എല്ലാവരും പാഠപുസ്തകം തുറന്ന് ഒരു ഭാഗം വായിക്കാനായി ഞാൻ ആവശ്യപ്പെട്ടു. സംശയമുള്ളവർക്ക് എഴുന്നേറ്റു നിന്നു ചോദിക്കാം.

പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്നവനും തല്ലു കിട്ടിയാൽ വരെ ചിരിക്കുന്നവനും ഇംഗ്ലീഷ്മീഡിയത്തിൽ പഠിക്കുന്നവനുമായ ഒരു വിരുതൻ മുഖം നിറയെ ചിരിയുമായി എഴുന്നേറ്റു.

എന്താ നിന്റെ സംശയം? ഞാൻ ചോദിച്ചു.

ഈ വാക്കിന്റെ അർത്ഥം? എന്നും പറഞ്ഞ് അവൻ ടെക്സ്റ്റിലേക്ക് വിരൽ ചൂണ്ടി.

നിനക്ക് അത് വായിക്കാൻ അറിയില്ലേ?

അവൻ പതിവുപോലെ വൃത്തിയായി ചിരിച്ചുകൊണ്ട് പറഞ്ഞു: ഇല്ല

പോളിഗമി എന്നാണ് ആ വാക്ക്

എന്നു വച്ചാൽ? അവൻ വീണ്ടും ചിരിച്ചുകൊണ്ടു ചോദിച്ചു.

എടാ പോളിഗമി എന്നു വച്ചാൽ ബഹുഭാര്യാത്വം എന്നർത്ഥം

എന്നു വച്ചാൽ? അവൻ വീണ്ടും ചോദിച്ചു. കുട്ടികളെല്ലാം ചിരിക്കുന്നു. അവനും നിന്നു ചിരിക്കുന്നു.

അവന്റെ നിൽപ്പും പാടും കണ്ട

പ്പോൾ എനിക്കും ചിരി വന്നു.

ഞാൻ വിശദീകരിച്ചു തരാം. നിന്റെ അച്ഛന് എത്ര ഭാര്യമാരുണ്ട്?

ഒന്നേയുള്ളൂ അവൻ ചൂണ്ടുവിരൽ പൊക്കിപ്പിടിച്ചു പറഞ്ഞു

അത് പോളിഗമി നിർത്തലാക്കിയത് കൊണ്ടാണ്. പണ്ടൊക്കെ ഒരാൾ ഒന്നിലധികം ഭാര്യമാരെ കൊണ്ടു നടക്കുമായിരുന്നു. അതാണ് പോളിഗമി. അതിനെതിരെയാണ് സോഷ്യൽ റിഫോമേഴ്സ് ശബ്ദമുയർത്തിയത്.

ഇന്ന് പോളിഗമി ഉണ്ടായിരുന്നുവെങ്കിലുള്ള സ്ഥിതി എന്താകുമായിരുന്നു? കുടുംബത്തിൽ വല്ല സ്വസ്ഥതയോ സമാധാനമോ ഉണ്ടാകുമെന്നു തോന്നുന്നുണ്ടോ? എല്ലാവരും ശ്രദ്ധിക്കുന്നുണ്ടായിരുന്നു.

ഇപ്പൊ കാര്യം പിടികിട്ടിയോ? ഞാൻ ആ ചിരിക്കുടുക്കയോട് ചോദിച്ചു.

ഉവ്വ് എന്നു പറഞ്ഞ് അവൻ നിന്നു ചിരിച്ചു.

എന്നാൽ പല്ലിളിച്ചു കാട്ടി നിൽക്കാതെ അവിടെ ഇരുന്ന് ബാക്കിയുള്ളത് വായിക്ക്

ഒന്നും കൂടി വിസ്തരിച്ച് ചിരിച്ച് അവൻ അവിടെ ഇരുന്നു.

പോളിഗമി അഥവാ ബഹുഭാര്യാത്വം എന്നത് വളരെ നന്നായി പറഞ്ഞു പ്രതിഫലിപ്പിച്ചതിന്റെ ചാരിതാർത്ഥ്യം എന്റെ മുഖത്തുണ്ടായിരുന്നു.

അദ്ധ്യാപനം എന്നു വച്ചാൽ അതാണ്. കാര്യങ്ങൾ വ്യക്തമായി കുട്ടികൾക്ക് മനസ്സിലാകുന്ന തരത്തിൽ പറയണം. ദൈവം എനിക്ക് അതിനുള്ള കഴിവ് തന്നിട്ടുണ്ട് - ഞാൻ എന്റെ മനസ്സിൽ പറഞ്ഞു.

ഒരു അദ്ധ്യാപകനാകാൻ കഴിഞ്ഞതിൽ അഭിമാനം തോന്നിയ നിമിഷങ്ങൾ... ദൈവമേ സ്തോത്രം!

കൊട്ടേക്കാട് പള്ളിയിൽ സി എൽ സി യുടെ ആഭിമുഖ്യത്തിൽ സൗജന്യ ട്യൂഷൻ ആരംഭിച്ചപ്പോൾ പള്ളിയിലെ അച്ചന്റെ കാലുപിടിച്ചാണ് അവിടെ പഠിപ്പിക്കാൻ ഒരു അവസരം സ്വന്തമാക്കിയത്.

ഫ്രീ ആയി പഠിപ്പിക്കണം. എന്നാലും അത് സന്തോഷമായിരുന്നു.

ഇങ്ങനെയൊക്കെ ചിന്തിച്ച് അഭിമാനത്തോടെയും ദൈവത്തിനു സ്തോത്രം ചെയ്തും ഇരുന്ന എനിക്ക് ഒരു മുട്ടൻപണി പിശാച് അണിയറയിൽ ഒരുക്കുന്നത് പക്ഷേ ഞാൻ അറിഞ്ഞില്ല.

oooo oooo oooo

ചിരിക്കുടുക്കയായ ആ ഏഴാംക്ലാസ്സുകാരന്റെ അച്ഛൻ മാർക്കറ്റിലെ ജോലിയും കഴിഞ്ഞ്, ബാറിൽ കേറി അല്പമൊന്നു മിനുങ്ങി, സ്വന്തം വീട്ടിലേക്ക് വരുന്നു.

വീതി കുറഞ്ഞ വഴി... ഇരുവശത്തും നിരവധി വീടുകൾ... അച്ഛനെ അകലെനിന്നും കണ്ടപ്പോഴേക്കും ഈ മകൻ പതിവില്ലാതെ അച്ഛന്റെ അടുത്തേക്ക് ഓടിച്ചെന്നു. എന്നിട്ട് ഒരു വിധം എല്ലാവരും കേൾക്കുന്ന തരത്തിൽ അച്ഛനോടു പറഞ്ഞു:

അച്ഛാ, അച്ഛന് എത്ര ഭാര്യമാരുണ്ടെന്നു ട്യൂഷൻമാഷ് ചോദിച്ചു.

തൊട്ടടുത്ത വീടുകളിലെ സ്ത്രീകൾ മുക്കത്ത് വിരൽ വച്ചു നിന്നുപോയി.

അച്ഛന്റെ മുഖത്തേക്ക് കോപം ഇരച്ചുകയറി. കൊടുങ്കാറ്റുപോലെ അച്ഛൻ വീട്ടിൽ വന്നു കയറി. കയ്യിലുണ്ടായിരുന്ന സഞ്ചി വലിച്ചെറിഞ്ഞു.

ഫോൺ എടുത്തു. എന്നെ വിളിച്ചു. എനിക്ക് എത്ര ഭാര്യമാരുണ്ടെന്ന് മാഷ് എന്റെ മോനോട് ചോദിച്ചോ? പരുക്കൻ ശബ്ദം...

അത് പിന്നെ... ഞാനൊന്നു പരുങ്ങി.

ചോദിച്ചോ... ഇല്ലയോ?

അത് പഠിപ്പിക്കുന്നതിന്റെ ഭാഗമായി....

ചോദിച്ചോ ഇല്ലയോ?

ചോദിച്ചു....ഞാൻ സങ്കോചത്തോടെ പറഞ്ഞു.

എന്താ താൻ എന്നെ അങ്ങനെയാണോ വിചാരിച്ചത്? (മാഷ് പോയി താൻ ആയി!) ഞാൻ അത്തരക്കാരനല്ല. തന്റെ വല്ലവരും ഇത്തരക്കാരുണ്ടായിരിക്കും. പക്ഷേ ഞാനങ്ങനെയല്ല...

അയാൾക്ക് പറയാനുള്ളതെല്ലാം പറഞ്ഞും എനിക്കു പറയാനുള്ളത് കേൾക്കാൻ മനസ്സില്ലാതെയും അയാൾ ഫോൺ കട്ട് ചെയ്തു.

കർത്താവേ! ഞാൻ നെടുവീർപ്പിട്ടു. ഇങ്ങനെയും ഒരു ടിസ്റ്റോ? ഓരോരോ പുലിവാലുകൾ...

ഏഴാംക്ലാസ്സുകാരൻ സ്കൂളിൽ ചെന്ന് ടീച്ചർമാരോടും കുട്ടികളോടും ഓടി നടന്ന് പറഞ്ഞു: ഇന്നലെ എന്റെ അച്ഛന്റെ വായിൽനിന്നും മാഷിന് നല്ലത് കേട്ടു... മാഷ് ഇന്നലെ ചോറ് തിന്നുണ്ടാവില്ല...വയറ് നന്നായി നിറച്ചിട്ടുണ്ട്, എന്റെ അച്ഛൻ...

മറ്റു കുട്ടികളിൽ നിന്നും ഈ വിവരം അറിഞ്ഞപ്പോൾ എനിക്ക് വല്ലാത്ത വിഷമം തോന്നി. അയാളുടെ വായിൽ നിന്നും കേട്ട ശകാരങ്ങളുടെ കൂടെ ഇതും കൂടെ ആയപ്പോൾ... ആർക്കും ഒരു ഉപദ്രവം ചെയ്യാതെ ജീവിച്ചിട്ടും, ആരെയും വേദനിപ്പിക്കാതിരിക്കാൻ പരമാവധി നോക്കിയിട്ടും...

*ജീവിതത്തിൽ എപ്പോൾ വേണമെങ്കിലും അപ്രതീക്ഷിത വഴിത്തിരിവുകൾ സംഭവിച്ചേക്കാം. നാം സന്തോഷത്തോടെ നിൽക്കുമ്പോൾ, അഭിമാനത്തോടെ നിൽക്കുമ്പോൾ... നമ്മുടെ അപ്പോഴത്തെ മാനസികാവസ്ഥ തകർക്കാനായി പിശാച് ഓരോരുത്തരെ എഴുന്നേൽപ്പിക്കും.*

*തകർന്നു പോകാതിരിക്കാനായി നാം ശ്രദ്ധിക്കണം. പ്രാർത്ഥനയോടെ ദൈവകരങ്ങളിൽ നമ്മെ ഏൽപ്പിക്കണം.*

*കാര്യങ്ങളെ അതിന്റെ സന്ദർഭത്തിൽനിന്നും അടർത്തി മാറ്റി ചിന്തിച്ചാൽ കൈവരുന്ന ഗൗരവസ്വഭാവം നോക്കുക.*

*തമാശയോടെ പറഞ്ഞ ഒരു കാര്യത്തിന് വന്ന വിവിധങ്ങളായ ഫലങ്ങൾ നോക്കുക. നാം എത്ര കണ്ട്*

*സൂക്ഷിക്കേണ്ടിയിരിക്കുന്നു. എത്ര നിസ്സാരമെന്നു തോന്നുന്ന കാര്യമായാലും അതിലൊരു ദോഷകരമായ ട്വിസ്റ്റ് ഉണ്ടാക്കാനുള്ള പിശാചിന്റെ കഴിവ് അപാരം തന്നെ!*

*പ്രത്യക്ഷത്തിൽ നിർദ്ദോഷമായ വാക്കുകൾക്ക് പിന്നീട് വലിയ അർത്ഥതലങ്ങൾ കൈവരുന്നതും അത് വലിയ ദോഷങ്ങൾക്കും വേദനകൾക്കും കാരണമാകുന്നതിനും ഒരു ഉദാഹരണമാണ് ഇത്.*

*കാര്യങ്ങൾ മനസ്സിലാക്കാതെ, കാള പെറ്റു എന്നു കേൾക്കുമ്പോഴേക്കും കയറ് എടുക്കുന്നവർ... നിർദ്ദോഷമായ കാര്യങ്ങളെ ദോഷകരമായ ഒരു ആംഗിളിലേക്ക് കൊണ്ടുപോകത്തക്ക വിധം സംസാരിക്കാൻ കഴിവുള്ളവർ.... ഇങ്ങനെയുള്ളവർ ധാരാളമുള്ള ഈ ലോകത്തിൽ നമുക്ക് കരുതലോടെ, സൂക്ഷ്മതയോടെ ജീവിക്കാം.*

പിറ്റെ ദിവസം അയാൾ എന്നെ ത്തേടി വന്നു. ഞാൻ മറ്റു കുട്ടികളോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. എന്റെ മോൻ കാര്യങ്ങൾ വ്യക്തമായി എന്നോടു പറഞ്ഞിരുന്നില്ല. മറ്റു കുട്ടികൾ പറഞ്ഞപ്പോഴാണ് എനിക്ക് കാര്യം മനസ്സിലായത്. ഞാൻ മാഷെ വെറുതെ തെറ്റിദ്ധരിച്ചു. സോറി...

ഏതെങ്കിലും കാരണവശാൽ ഒരു രക്ഷിതാവ് എന്നോട് ദേഷ്യപ്പെടാനുള്ള സാഹചര്യം ഉണ്ടായാൽ ആ കുട്ടി തുടർന്ന് ട്യൂഷൻസെന്ററിൽ പഠിക്കാൻ വരരുതെന്ന് ഒരു നിയമം ഞാൻ എല്ലാ രക്ഷിതാക്കളോടും ആദ്യമേ പറഞ്ഞിട്ടുള്ളതാണ്.

ഞാൻ ആ നിയമം അവരെ ഓർമ്മിപ്പിച്ചു.

അങ്ങനെ ആ കുട്ടി ആദ്യമായി ചിരി മാഞ്ഞ മുഖത്തോടെ അച്ഛനോടൊപ്പം നടന്നുപോയി.

# പ്രവൃത്തിയില്ലാത്ത വിശ്വാസം

## പി വി സന്തോഷ്, വയനാട്

ഒരു മിഷനറി പ്രസംഗിക്കുകയായിരുന്നു. തന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് ശ്രോതാക്കളോട് അദ്ദേഹം ചോദിച്ചു: "നിങ്ങളിൽ ആര് നിങ്ങളുടെ ജീവിതം മിഷനറിപ്രവർത്തനത്തിനായി സമർപ്പിച്ച് വടക്കേ ഇൻഡ്യയിൽ പോയി മരിക്കാനാഗ്രഹിക്കുന്നു?" ആദ്യം കയ്യുയർത്തിയത് പ്രസംഗകന്റെ മകനായിരുന്നു. ഈ കാഴ്ച പ്രസംഗകനെ ക്ഷുബിതനാക്കി. "നീ പോകണമെന്ന് എനിക്ക് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽ ഞാൻ നിന്നോട് വീട്ടിൽ വച്ചു തന്നെ അക്കാര്യം പറയുമായിരുന്നു. നീ ഞങ്ങൾക്ക് പത്തുവർഷത്തിനു ശേഷം കിട്ടിയ ഒരു മകനാണ് ഇവിടെ ഈ കൂട്ടത്തൽ നാലും അഞ്ചും മക്കളുള്ളവരുണ്ട്. അവരിൽ ആരെങ്കിലും പോയി മരിക്കട്ടെ"

കുറിവാക്യം: "അങ്ങനെ വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു" യാക്കോബ് 2:17

# സമൂഹത്തിലെ ദുരന്തക്കാഴ്ചകൾ 54

എം.വി.എസ്.

## ✧ പ്രേമത്തിന്റെ ദുരന്തമുഖങ്ങൾ!

സ്കൂൾ-കോളേജ് കുട്ടികളിൽ ഏറെയും കാമുകന്മാരും കാമുകിമാരുമാണ്. എനിക്ക് പ്രേമമുണ്ട് എന്നു അഭിമാനത്തോടെ പറയുകയും ആ പ്രേമത്തിന്റെ ഇക്കിളിപ്പെടുത്തുന്ന ഓർമ്മകൾ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്നത് വലിയൊരു കാര്യമായി ഗണിച്ചുവരുന്നു. ആരെങ്കിലും പ്രേമിക്കാതെ നല്ല കുട്ടികളായി നടക്കുന്നുണ്ടെങ്കിൽ അവരെ പരിഹസിക്കുകയും മനോനില തകരാറുള്ളവരായി ചിത്രീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് 'സ്റ്റാസ്റ്റസ് കീപ്പ്' ചെയ്യാനായി പലരും പ്രേമത്തിന്റെ പിടിയിലേക്ക് തങ്ങളെത്തന്നെ ഏൽപിക്കുന്നു.

ബൈബിൾ വായിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾ പ്രേമത്തിൽ ചെന്നുചാടുമ്പോൾ ലംഘിക്കപ്പെടുന്ന ഗുരുതരമായ ചില കാര്യങ്ങളുണ്ട്. ആ ലംഘനങ്ങൾ നിമിത്തം അവരുടെ ജീവിതം തന്നെ ദുരന്തമായേക്കാം. എല്ലാവരെയും വെറുപ്പിച്ചും വെല്ലുവിളിച്ചും അരങ്ങേറുന്ന പ്രേമവിവാഹങ്ങൾ പലതും 'ദേ വന്നു, ദേ പോയി' എന്ന കണക്കെ പൊട്ടിപ്പൊളിയുന്നത് വെറുതെയല്ല.

**(1) നന്ദികേട്**

ജന്മം നൽകിയ മാതാപിതാക്കളോട് മക്കൾക്ക് തീർച്ചയായും കടപ്പാടുണ്ട്. അവരെ ബഹുമാനിക്കാനുള്ള ഉത്തരവാദിത്തം മക്കൾക്കുണ്ട്. ഒരു കുഞ്ഞ് പിറന്നു വീണ നാൾ മുതൽ വലിയ കഷ്ടപ്പാട് സഹിച്ചാണ് മാതാപിതാക്കൾ അതിനെ വളർത്തുന്നത്. നൂറു ശതമാനവും മറ്റുള്ളവരെ ആശ്രയിച്ച് വളരേണ്ട പ്രായത്തിൽ മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് താങ്ങും തണലുമേകുന്നു. അങ്ങനെയുള്ള മക്കളോട് ദൈവവചനം പറയുന്നത് ഇപ്രകാരമാണ്: "നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക" (എഫെസ്യർ 6:2,3). വളർത്തിയവരെ സ്നേഹിക്കേണ്ടതിനു പകരം വഴിയിൽ കണ്ടവനെ സ്നേഹിക്കുന്നത് മാതാപിതാക്കളോട് കാണിക്കുന്ന നന്ദികേടാണ്. അവന്റെ/അവളുടെ ജീവിതത്തിൽ നന്മ ഉണ്ടാകയില്ല.

**(2) വ്യഭിചാരം**

വ്യഭിചാരം ശാരീരികതലത്തിലുള്ളത് മാത്രമാണ് എന്നു മനസ്സിലാക്കിയ ഒരു തലമുറയോട് കർത്താവായ യേശുക്രിസ്തു പറഞ്ഞത് ഇപ്രകാരമാണ്:

“ഞാനോ നിങ്ങളോട് പറയുന്നത്: സ്ത്രീയെ മോഹിക്കേണ്ടതിന് അവളെ നോക്കുന്നവൻ എല്ലാം ഹൃദയം കൊണ്ട് അവളോട് വ്യഭിചാരം ചെയ്തു പോയി” (മത്തായി 5:28). വ്യഭിചാരത്തിന് ഇങ്ങനെയൊരു തലം കൂടി ഉണ്ടെന്ന് കർത്താവ് അന്ന് വെളിപ്പെടുത്തി. പ്രേമത്തിന്റെ പിടിയിൽ അമരുന്നവർക്ക് ഈ നിലയിലുള്ള വ്യഭിചാരം ധാരാളം സംഭവിക്കും എന്ന കാര്യം ശ്രദ്ധിക്കുക. ശാരീരികതലത്തിലുള്ള വ്യഭിചാരത്തേക്കാൾ കുറഞ്ഞ ഒന്നല്ല ഇത്; ഹൃദയം കൊണ്ടുള്ള വ്യഭിചാരം, ശരീരം കൊണ്ടുള്ള വ്യഭിചാരത്തിനു തുല്യമായ നിലയിലാണ് കർത്താവ് ഇവിടെ പഠിപ്പിച്ചത്. വ്യഭിചാരത്തെ ദൈവം വെറുക്കുന്നതുകൊണ്ട്, പ്രേമിക്കുന്നവരെ ദൈവത്തിനു വെറുപ്പാണ് എന്നു മനസ്സിലാക്കാമല്ലോ.

### (3) അവിശ്വസ്തത

ചെയ്യുന്ന ജോലി വിശ്വസ്തതയോടെ ചെയ്യാൻ ഓരോരുത്തർക്കും കടപ്പാടുണ്ട്. വിശ്വസ്തരെ ദൈവം ഇഷ്ടപ്പെടുന്നു (2 തിമൊ.2:2; മത്തായി 25:21). പഠിക്കുന്നവർ - അത് സ്കൂളിലായാലും കോളേജിലായാലും - വിശ്വസ്തരാകണം; എന്നു വച്ചാൽ നന്നായി പഠിക്കണം. പ്രേമക്കുരുക്കിൽ പെട്ടവർ പഠനത്തിൽ പുറകിലാവുക സ്വാഭാവികം. പഠനത്തിനു കോട്ടം തട്ടാതെ പ്രേമിക്കുന്നത് ബുദ്ധിമുട്ടാണ്. ഫോൺവിളികളും സന്ദേശമയക്കലും കൂടിക്കാഴ്ചകളും അതിന്റെ കുളിർമ്മകളുടെ അയവിറക്കലുമായി സമയം നഷ്ടപ്പെടുന്നതുകൊണ്ട് പഠനം പിന്നാമ്പുറത്തേക്ക് വലിച്ചെറിയപ്പെടുന്നു. അവിശ്വസ്തരായവർ അനുഗ്രഹം പ്രാപിക്കയില്ല.

ഇപ്രകാരം ദൈവം വെറുക്കുന്ന മൂന്നു കാര്യങ്ങൾ പ്രേമത്തോടുള്ള ബന്ധത്തിൽ സംഭവിക്കുന്നു. മാതാപിതാക്കളോടുള്ള ബഹുമാനമില്ലായ്മ (നന്ദികേട്), വ്യഭിചാരം, അവിശ്വസ്തത! മൂന്നും ദൈവം അങ്ങേയറ്റം വെറുക്കുന്നവയായതുകൊണ്ട് പ്രേമിക്കുന്നവർ ദൈവത്തിന്റെ കോപവലയത്തിലാണ് നിലകൊള്ളുന്നത് എന്നതാണ് സത്യം. ശപിക്കപ്പെട്ട അവസ്ഥയിലുള്ള ഒരു സഞ്ചാരമാണ് തങ്ങളുടേത് എന്നു ക്രിസ്തീയ കമിതാക്കൾ തിരിച്ചറിയണം. പ്രേമം വിവാഹത്തിൽ കലാശിച്ചാലും അല്ലെങ്കിലും പ്രേമിക്കുന്ന അവിവാഹിതർ പിശാചിന്റെ കരവലയത്തിലാണ്.

അതും പോരാഞ്ഞ്, നമ്മുടെ പല കുഞ്ഞുങ്ങൾക്കും അവിശ്വാസികളുമായാണ് പ്രേമം! അതു ഒരു ധീരതയായി അവർ തെറ്റിദ്ധരിക്കുന്നു. “നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്.... വെളിച്ചത്തിന് ഇരുളോട് എന്തൊരു കൂട്ടായ്മ?...” (2 കൊരിന്ത്യർ 6:14-16) എന്നു ദൈവവചനമായ ബൈബിൾ ചോദിക്കുന്നത് ഈ കുട്ടികൾ മനസ്സിലാക്കുന്നില്ല. അതുകൊണ്ട് പ്രിയ കുട്ടികളേ, നിങ്ങൾ പഠനത്തിൽ ശ്രദ്ധിക്കൂ. പ്രേമിച്ച് നടന്ന്, മാതാപിതാക്കളുടെയും സ്നേഹവാനായ ദൈവത്തിന്റെയും അപ്രീതി സമ്പാദിക്കാതിരിക്കൂ. അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്താതിരിക്കൂ.

# കഥയറിയാതെ കടന്നുപോകുന്നവർ

**ബ്രദർ ജോൺസൺ കുളങ്ങര എഴുതിയ പുസ്തകം**

185 പേജുകൾ ൦ പി.എസ്.തമ്പാൻ, ജെ.സി.ദേവ്, ഡോ. കുഞ്ഞുമോൻ ചാക്കോ എന്നിവരുടെ അവതാരികകൾ

ഉപദേശിക്കുന്ന മൃഗങ്ങൾ, ഭാര്യമാർ സൂക്ഷിക്കുക,
വേഷം സംസാരിക്കുന്ന ഭാഷ, സ്ത്രീധനം സ്ത്രീക്കോ
പുരുഷനോ?, ബ്യൂട്ടിപാർലർ വീട്ടിൽ തന്നെ, പ്രൊട്ടസ്റ്റൻഡ്
പദപ്രയോഗങ്ങൾ എന്നിങ്ങനെ 40 ലേഖനങ്ങളുടെ ശേഖരം

വില: 150 രൂപ

**പുസ്തകങ്ങൾ ആവശ്യമുള്ളവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക**

JOHNSON KULANGARA
P O THURAVUR, ANGAMALY
ERNAKULAM-683 572
Mob: 9846193298

# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th February 2020

Posted at
Thrissur RMS

**ആനുകാലികം**

## വെറു പത്തു ദിവസം കൊണ്ടൊരു ആശുപത്രി!

കുതിരാന്റെ തുരങ്കത്തിന്റെ പണി തുടങ്ങിയിട്ട് എത്ര കൊല്ല മായോ ആവോ? നിയമങ്ങളും നൂലാമാലകളും ചുവപ്പുനാടകളും അഴിമതിയും ഒക്കെയായി പല നിർമ്മിതികളും ഒച്ച് എന്ന കൊച്ചു ജീവിയുമായി മത്സരിച്ച് ഇഴയുമ്പോൾ, ചൈനക്കാർ എല്ലാവരെയും ഞെട്ടിച്ചുകൊണ്ട് ഒരു 'കിടു' പ്രകടനം നടത്തിയിരിക്കുന്നു. നിസ്സാ രം. വെറും 10 ദിവസം കൊണ്ട് 100 പേർക്ക് താമസിക്കാൻ കൊള്ളാ വുന്ന ഒരു ആശുപത്രി കെട്ടിപ്പൊക്കി!

കൊറോണവൈറസ് ബാധിച്ച് രാജ്യത്ത് ആളുകൾ മരണപ്പെട്ടു തുടങ്ങുന്ന ഭീകരാവസ്ഥ കണ്ടപ്പോൾ ഭരണകൂടം ഉണർന്നു പ്രവർത്തിക്കുകയും വെറും 10 ദിവസത്തെ അക്ഷീണയത്നത്താൽ 1000 കിടക്കകളുള്ള ഒരു ആശുപത്രി ഒരുക്കുകയും ചെയ്തു. (2020 ഫെബ്രുവരി 3 ലെ പത്രവാർത്ത)

കണ്ടു പഠിക്കൂ, മക്കളെ എന്നൊരു സന്ദേശം അതിലുണ്ട്, ഇല്ലേ? ആരു പഠിക്കാൻ? ചൈനയിലെ കൊറോണയുടെ സാഹചര്യം നമ്മുടെ നാട്ടിലെങ്ങാനും ആയിരുന്നുവെങ്കിൽ 1000 കിടക്കകളുള്ള ഒരു ആശുപത്രി പണിയാനുള്ള അനുവാദം കിട്ടിവരുമ്പോഴേക്കും കൊറോണ അതിന്റെ പാട്ടിനു പോകുമെന്നു തോന്നുന്നു.

വേണമെന്നു വെച്ചാൽ ചക്ക വേരിലും കായ്ക്കും. ഇഴഞ്ഞുനീ ങ്ങുന്ന എല്ലാ നിർമ്മിതികളുടെയും പരിസരത്ത് ചൈനയിലെ ഈ സംഭവത്തിന്റെ വാർത്ത പരസ്യപ്പെടുത്തിയാൽ നന്നായിരുന്നു.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V